(ബി) ബാധകമല്ല.

(സി) വീഴ്ച സംഭവിച്ചിട്ടില്ല.

(ഡി) താറാവ് കർഷകർക്ക് പക്ഷിപ്പനി ബാധമൂലം നഷ്ടപ്പെട്ട താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ട പരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്:

പക്ഷിപ്പനിയും ആശങ്കകളും

244 (3531) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനിമൂലം ഉണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമൂലം താറാവ്, കോഴി കർഷകർക്ക് ഉണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ രോഗത്തിനെ നേരിടുന്നതിനുള്ള മരുന്നുകൾ ആവശ്യത്തിന് അനുവദിക്കുമോ ?

ഉത്തരം

(എ) രോഗം റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിക്കുള്ളിലെ രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താല്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി. നഷ്ടപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി. കർഷകരുടെ ആശങ്ക അകറ്റി അവരെ വീണ്ടും താറാവ് കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

(ബി) പക്ഷിപ്പനിമൂലം നഷ്ടപ്പെട്ട പക്ഷികൾക്ക് 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

പക്ഷിപ്പനിയും പ്രതിരോധ പ്രവർത്തനവും

245 (3532) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്ന് പിടിച്ച പക്ഷിപ്പനിമൂലം എത്ര താറാവുകളാണ് ചത്തത് ; എത്ര എണ്ണത്തിനെയാണ് കൊലപ്പെടുത്തിയത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര രൂപയാണ് സംസ്ഥാന സർക്കാർ നഷ്ടപരിഹാരമായി നൽകിയത് ;

(സി) പനി പടർന്നു പിടിക്കാതിരിക്കാനും മനുഷ്യരിലേയ്ക്ക് വ്യാപിക്കാതിരിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലങ്ങളിൽ മൊത്തം 17,835 താറാവുകൾ ചത്തുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ

1. ആലപ്പുഴ - 13673
2. പത്തനംതിട്ട - 213
3. കോട്ടയം - 3949

കൊന്ന താറാവുകളുടെ ആകെ എണ്ണം - 266733 (ഇതിൽ 24627 മുട്ട, താറാവുകുഞ്ഞുങ്ങളും ഉൾപ്പെടുന്നു)

LIBRARY ARCHIVES Kerala Legislative Assembly